പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 03..12.2015 ൽ

ചോദ്യം നമ്പർ.1285 മറുപടിയ്ക്ക്.

# 2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ

ചോദ്യം

ഉത്തരം

ശ്രീ.എം. ചന്ദ്രൻ

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ കരഭൂമിയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾക്ക സർക്കാർ രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ; | (എ) | 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പരിവർത്തനപ്പെടുത്തിയ നെൽവയലുകൾക്ക് ഫീസ് ഈടാക്കി ക്രമവൽക്കരിക്കുന്നതിനുള്ള ആക്ട് നിലവിൽ വന്നു കഴിഞ്ഞു. അത്തരം ഭൂമികളുടെ ന്യായവിലയുടെ 25% ഫീസ് ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുവാനാണ് തീരുമാനമാനിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് ന്യായവില സർക്കാർ എങ്ങിനെ- | (ബി) | 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 28 എ വകുപ്പ് പ്രകാരം |

| | | | |
|---|---|---|---|
| | യാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ; | | വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയോ, അടിസ്ഥാനമാക്കിയാണ്. |
| (സി) | 2008-ന മുമ്പ് അനധികൃതമായി എത്ര ഏക്കർ വയലുകളാണ് നികത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (സി) & (ഡി) | ക്രമവൽക്കരിക്കാനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എത്ര കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്? വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ